## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 424 — 6.3.2012-ൽ മറുപടിക്ക്.

## സംസ്ഥാനത്തെ റെയിൽവേ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.എ. മാധവൻ. | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് റെയിൽവേയുടെ വികസനത്തിനായി 2012-13 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കേരളം നൽകിയിട്ടുള്ള പ്രധാനനിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് റെയിൽവേയുടെ വികസനത്തിനായി 2012-13 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ കേരളം നൽകിയിട്ടുള്ള പ്രധാന നിർദ്ദേശങ്ങൾ താഴെപറയുന്നവയാണ്.<br>" പാലക്കാട് റയിൽകോച്ച് ഫാക്ടറി, ചേർത്തല വാഗൺ ഫാക്ടറി, Automatic Signalling System, Automatic Block Signal, മെമു ട്രെയിൻ സർവ്വീസുകൾ, റെയിൽവേ ലൈൻ വൈദ്യുതീകരണം, പാത ഇരട്ടിക്കൽ, മീറ്റർ ഗേജ് ബ്രോഡ്ഗേജാക്കുന്നത്, ROB കളുടെ നിർമ്മാണം, കോച്ചുകളുടെ എണ്ണത്തിലുള്ള കുറവും ഉള്ളവയുടെ ശോച്യാവസ്ഥയും, പഴയ എറണാകുളം ടെർമിനസ് സബർബൻ ട്രെയിൻ ഹബ്ബായി പ്രവർത്തിക്കുന്നത്,<br>പെനിൻസുലാർ റയിൽവേ സോൺ രൂപീകരണം, തിരുവനന്തപുരത്ത് റയിൽവേ മെഡിക്കൽ കോളേജ്, പുതിയ ലൈനുകളുടെ സർവ്വേയും |

| | | | |
|---|---|---|---|
| | | | നിർമ്മാണവും, കോച്ചിംഗ് ഡിപ്പോകൾ, പിറ്റ്ലൈനുകൾ, ഗുഡ്സ് ഷെഡ്ഡുകൾ, മംഗലാപുരം - തിരുവനന്തപുരം ഹൈസ്പീഡ് റയിൽ കോറിഡോർ, ട്രെയിൻ യാത്രക്കാരുടെ സുരക്ഷ, അണ്ടർപാസ്സിനായി ചിന്നക്കടയിൽ കൊല്ലം നഗരസഭയ്ക്ക് റയിൽവേയുടെ 18.5 സെന്റ് സ്ഥലം കൈമാററം ചെയ്യുന്നത്, ചെങ്ങന്നൂരിൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, തിരുവനന്തപുരം ഉൾപ്പെടെ നാല് റയിൽവേ സ്റ്റേഷനുകൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നത്, ഡെഡിക്കേറ്റഡ് ഹൈസ്പീഡ് കോറിഡോർ, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, പുതിയ ട്രെയിനുകൾ, പ്രഖ്യാപിക്കപ്പെട്ട തീവണ്ടികളുടെ സർവ്വീസുകൾ ആരംഭിക്കുന്നത്, ട്രെയിനുകൾ ദീർഘിപ്പിക്കുന്നത്, ട്രെയിനുകൾ മാറ്റുന്നത്, ട്രെയിനുകളുടെ frequency വർദ്ധിപ്പിക്കുന്നത്, പാസഞ്ചർ റിസർവേഷൻ സിസ്റ്റം, ട്രെയിനുകളുടെ സ്റ്റോപ്പുകൾ." |
| (ബി) | ആലപ്പുഴ -എറണാകുളം റെയിൽപ്പാത ഇരട്ടിപ്പിക്കൽ പദ്ധതി ഏതു ഘട്ടത്തിലാണെന്നും ഇത് എന്ന് പൂർത്തികരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | ഹരിപ്പാടിനും കായകുളത്തിനും ഇടയിലുള്ള റെയിൽപാത ഇരട്ടിക്കൽ പദ്ധതി പൂർത്തീകരിച്ചു കഴിഞ്ഞു. എറണാകുളം - കുമ്പളം, കുമ്പളം - തുറവൂർ, അമ്പലപ്പുഴ - ഹരിപ്പാട് സെക്ഷനുകളുടെ ഇരട്ടിപ്പിക്കൽ പദ്ധതി സ്ഥലം കൈമാറുന്ന മുറയ്ക്ക് മൂന്നു വർഷത്തിനുള്ളിൽ പൂർത്തികരിക്കുന്നതാണ് എന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ പ്രധാന തീർത്ഥാടനകേന്ദ്രമായ ഗുരുവായൂരിലേയ്ക്ക് ഇപ്പോൾ എത്ര ട്രെയിൻ സർവ്വീസുകളാണ് ഉള്ളത്; ഗുരുവായൂരിലേയ്ക്ക് കൂടുതൽ സർവ്വീസുകൾ നടത്തുവാൻ നടപടികൾ സ്വീകരിക്കുമോ; | (സി) | ഇപ്പോൾ ഗുരുവായൂരിലേക്ക് രണ്ട് ജോഡി എക്സ്പ്രസ്സ് ട്രെയിനുകളും (ഒരു ജോഡി മദ്രാസ് എഗ്മൂറിനും ഗുരുവായൂരിനും ഇടയ്ക്കും ഒരു ജോഡി തിരുവനന്തപുരത്തിനും ഗുരുവായൂരിനും ഇടയ്ക്കും ) നാലു ജോഡി പാസ്സഞ്ചർ ട്രെയിനുകളും (രണ്ടു ജോഡി എറണാകുളത്തിനും ഗുരുവായൂരിനും ഇടയ്ക്കും രണ്ടു ജോഡി തൃശ്ശൂരിനും ഗുരുവായൂരിനും ഇടയ്ക്കും) സർവീസ് നടത്തുന്നുണ്ട്. |
| (ഡി) | 2011-2012 വർഷത്തെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിൽ അനുവദിച്ച പുതിയ ട്രെയിനുകൾ ഏതെല്ലാമെന്നും ഇതിൽ എത്ര സർവ്വീസ് ആരംഭിച്ചുവെന്നും വ്യക്തമാക്കുമോ? | (ഡി) | കേരളത്തിന് വേണ്ടി 2011-12 ലേക്ക് പതിനൊന്ന് ട്രെയിനുകൾ ബഡ്ജറ്റിൽ പ്രഖ്യാപിക്കപ്പെട്ടു. ഇതിൽ ഏഴ് ട്രെയിനുകൾ സർവീസ് ആരംഭിച്ചു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

23

LIS 424 6/3/12

Trains announced in the Year 2011-2012 (Kerala area)

| Sl.NO | Train No & Description | Remarks |
|---|---|---|
| 1 | 22207/22208 TVC-MAS Duronto Bi Weekly | **To be introduced** |
| 2 | 15905/15906 CAPE- DBRG Weekly Exp. | Date of introduction- 26.11.2011 |
| 3 | 19259/19260 KCVL-BVC Weekly Exp. | Date of introduction- 13.11.2011 |
| 4 | 19261/19262 KCVL- PBR Weekly Exp. | **To be introduced** |
| 5 | 22607/22608 ERS-SBC Weekly Exp. | Date of introduction- 24.07.2011 |
| 6 | 66302/66303 QLN- ERS-QLN MEMU via ALLP | **To be introduced** |
| 7 | 66304/66305 QLN- NCJ- QLN MEMU | **To be introduced** |
| 8 | 22815/22816 BSP- ERS Weekly Exp. | Date of introduction- 14.11.2011 |
| 9 | 16349/16350 TVC- NIL Rajya Rani Exp. (Slip coaches by 16343 /16344 Ex. TVC-SRR ) | Date of introduction- 16.11.2011 |
| 10 | 22851/22852 SRC-MAQ-Weekly Exp via SRR | Date of introduction- 25.02.2012 |
| 11 | 22609/22610 MAQ- PGT Daily Exp | 18.11.2011 |

## Extension of Trains

| Sl.NO | Train No & Description | Remarks |
|---|---|---|
| 1 | 16865/16866 ERS-NCR Exp to KIK | Date of Extension- 17.12.2011 |
| 2 | 56317/56318 NCJ- TVC- NCJ Pass to KCVL | Date of Extension- 01.07.2011 |

## Increase in Frequency

| Sl.NO | Train No & Description | Remarks |
|---|---|---|
| 1 | 56607/56608 ERS- SRR- ERS from 6 days to daily | 01.07.2011 |